**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** **10-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി യു പ്രതിഭ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നേറ്റം ഉണ്ടാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പഠനപിന്നോക്ക ആവശ്യമുള്ള കുട്ടികളെ അതത് മേഖലകളിൽ കൂടുതൽ മികവിലേയ്ക്ക് എത്തിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പഠനപിന്നോക്ക ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കലാ-കായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്നോക്ക പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം വികസിപ്പിച്ചു. ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ. സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്" എന്ന പദ്ധതി'. ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ ക്യൂബ് (E3) പദ്ധതി എന്നിവ ഈ രംഗത്ത് നടത്തിയ വൈവിധ്യമാർന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്. എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിൽ സംസ്കൃതമാധുരി, അഹ്ലൻ അറബിക്, പ്യാരി ഉറുദു എന്നീ ഭാഷാപഠന പരിപോഷണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം | (സി) | പരിശോധിച്ചിട്ടുണ്ട്. ജില്ലാതല റിവ്യൂ മീറ്റിങ്ങിലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നടക്കുന്ന മീറ്റിങ്ങുകളിലും ഇത് സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ |

| | | | |
|---|---|---|---|
| | എത്രത്തോളം സഹായകരമായിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | യജ്ഞത്തിന്റെ ആരംഭഘട്ടത്തിൽ നടന്ന വിദ്യാലയ വികസന സെമിനാറുകളിൽ വലിയ ജനകീയ പങ്കാളിത്തം ഉണ്ടായി. ജനപ്രതിനിധികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാഭ്യാസതൽപരർ എന്നിവരെല്ലാം വലിയതോതിൽ പങ്കെടുത്തും, കുട്ടികളുടെ പഠന നേട്ടങ്ങൾ സമൂഹവുമായി പങ്കുവയ്ക്കാൻ ആവിഷ്ക്കരിച്ച പഠനോത്സവങ്ങളും വലിയ തോതിൽ ജനപങ്കാളിത്തമുള്ളതായിരുന്നു. വിദ്യാലയം പ്രതിഭകളിലേയ്ക്ക് എന്ന പദ്ധതിയും ക്രിയാത്മകമായ ജനപങ്കാളിത്തത്തിന് ഉദാഹരണമാണ്. ഭൗതിക സൗകര്യം ഒരുക്കുന്നതിലും സാങ്കേതിക വിദ്യാ ഉപകരണങ്ങൾ ക്ലാസ്സ് മുറികളിൽ സ്ഥാപിക്കുന്നതിനനുഗുണമായ തരത്തിൽ ക്ലാസ്സ് മുറികളെ സജ്ജമാക്കുന്നതിനും സാമ്പത്തികമായി സ്കൂളുകളെ സഹായിക്കുന്നതിന് സമൂഹം സജ്ജമായി. പൊതുവിദ്യാലയവും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തി എന്നതിന് ഏറ്റവും നല്ല തെളിവാണ് കഴിഞ്ഞ നാല് അക്കാദമിക വർഷമായി പൊതുവിദ്യാലയങ്ങളിൽ അധികമായി എത്തിച്ചേർന്ന 6.8 ലക്ഷം കുട്ടികൾ. |

സെക്ഷൻ ഓഫീസർ